(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം;

(സി) ഈ നിബന്ധന നിഷ്കർഷയോടെ പാലിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ട്.

(ബി) ഉണ്ടാവുന്ന ഒഴിവുകളുടെ മുപ്പത്തിമൂന്നും മൂന്നിലൊന്നു ശതമാനം.

(സി) 1956 മുതൽ 1959 വരെയുള്ള വർഷങ്ങളിൽ സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കു നേരിട്ടു റിക്രൂട്ടുമെന്റു നടത്തിയിരുന്നില്ല. അതുകൊണ്ടു് ഹെഡ്കാൺസ്റ്റബിളം കേഡറിൽനിന്നും പ്രമോട്ടു ചെയ്തു് നിയമിച്ച സബ്ഇൻസ്പെക്ടർമാരുടെ എണ്ണം അവർക്കനുവദിച്ച ശതമാനത്തിൽ കൂടുതലായി നേരിട്ടു റിക്രൂട്ടു ചെയ്ത സബ്ഇൻസ്പെക്ടർമാരുടെ എണ്ണത്തിലുള്ള കുറവു നികത്തുന്നതിനു ഇപ്പോൾ എല്ലാ വർഷവും നേരിട്ടു് റിക്രൂട്ടുമെന്റു നടത്തുന്നുണ്ടു്.

ശ്രീ. പി. കെ. അബ്ദുൽഖാദർ: കഴിഞ്ഞവർഷം പബ്ലിക്സർവ്വീസ് കമ്മിഷൻ തിരഞ്ഞെടുത്ത നാൽപ്പത്തിമൂന്നോളം വരുന്ന സബ്ഇൻസ്പെക്ടറന്മാരുടെ ലിസ്റ്റു കാൻസൽ ചെയ്യുകയുണ്ടായി. അതിനെസംബന്ധിച്ചു് ഹൈകോടതിയിൽ ഒരു റിട്ടു് പോകുകയുണ്ടായി. പബ്ലിക്സർവ്വീസ് കമ്മിഷൻ തിരഞ്ഞെടുത്ത ആ ലിസ്റ്റു കാൻസൽ ചെയ്തതിന്റെ കാരണം എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ: ഒരു തെറ്റിദ്ധാരണയുടെ ഫലമായിട്ടാണു് ആ റിക്രൂട്ടുമെന്റു നടന്നതു്. സബ്ഇൻസ്പെക്ടറന്മാരുടെ എത്ര വേക്കൻസി വരുമെന്നു് എഴുതിച്ചോദിച്ചപ്പോൾ ഇത്രയും വേക്കൻസി വരാൻ ഇടയുണ്ടെന്നു് പറഞ്ഞതല്ലാതെ ഗവണ്മെന്റിൽനിന്നും റിക്രൂട്ടുമെന്റു നടത്തണമെന്നാവശ്യപ്പെട്ടിട്ടില്ല. വേക്കൻസി ഇല്ലാത്തതുകൊണ്ടാണു് ആ ലിസ്റ്റു കാൻസൽ ചെയ്യേണ്ടി വന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പു്: മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ടവർക്കു് സബ്ഇൻസ്പെക്ടർമാരുടെ ഒഴിവുകളിലേയ്ക്കു് അപ്പീയർ ചെയ്യാമോ?

ശ്രീ. ആർ. ശങ്കർ: അവർക്കും സബ്ഇൻസ്പെക്ടർമാരുടെ റിക്രൂട്ടുമെന്റിലേയ്ക്കു് അപ്പീയർ ചെയ്യാം.

WRITTEN ANSWERS

ശുദ്ധജലവിതരണം

* 131. [20] ശ്രീ. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്താംകോട്ട ശുദ്ധജലവിതരണപദ്ധതിക്കു് എത്രലക്ഷം രൂപാ പദ്ധതിയിൽ വകകൊള്ളിച്ചിട്ടുണ്ടു്;

(ബി) നാളിതുവരെ എത്രലക്ഷംരൂപ ചെലവായി;

(സി) പൈപ്പുലൈൻ നീട്ടുന്നതിനു എത്ര ഏക്കർ സ്ഥലം പൊന്നും വില സ്വീകരിച്ചു; പൊന്നുംവിലയ്ക്കെടുത്തവകയിൽ എത്രലക്ഷം രൂപ നാളിതുവരെ ചെലവായി?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 20 ലക്ഷംരൂപാ (20,00,000 രൂപ)

(ബി) 1963 ഡിസംബർമാസം വരെ 23,40,800 രൂപാ ചെലവായി

LIBRARY ARCHIVES Kerala Legislative Assembly

(സി) പൈപ്പ്ലൈൻ നീട്ടുന്നതിനായി 34 ഏക്കർ 71 സെന്റ് 213 സ്ക്വയർലിംഗ്സ് സ്ഥലവും, ശാസ്താംകോട്ടയിലുള്ള മറ്റാവശ്യങ്ങൾക്കായി 40 ഏക്കർ 17 സെന്റ് 10 സ്ക്വയർലിംഗ്സ് സ്ഥലവും പൊന്നുംവിലയ്ക്കെടുത്തിട്ടുണ്ട്. ഈ വകയിൽ നാളിതുവരെ 3,73,810 രൂപാ ചെലവായി.

കരിനിലങ്ങൾ

* 132. [21] ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളിയിലെ കരിനിലങ്ങളിൽ അനേകായിരം പുറനിലത്തിൽ ഓരുവെള്ളം കയറി ഇപ്പോഴും ഇറക്കിയിട്ടുള്ള കൃഷിനശിച്ചിരിക്കുന്നതായി ശവണ്ണൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ കാരണം ചീപ്പിന്റെയും സ്പിൽവേയുടേയും ഷട്ടറുകൾക്ക് വന്നിട്ടുള്ള കേടുപാടുകളും കാലാകാലത്തിൽ നന്നാക്കാത്തതുകൊണ്ടും കുന്നുകാലിപാലംതോട്ടിലെ മുട്ടിടാത്തതുകൊണ്ടും ആണെന്നുള്ള കാര്യം ശവണ്ണൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ കൃത്യവിലോപനത്തിനുത്തരവാദികളായ ഉദ്യോഗസ്ഥന്മാർ ആരെല്ലാം?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്):

(എ) പെട്ടെന്നുണ്ടായ വേലിയേറ്റംമൂലം കഴിഞ്ഞ ധനുമാസം ആദ്യം രണ്ടുമൂന്നുദിവസം തോട്ടപ്പള്ളി ചീപ്പിനുസമീപമുള്ള തോട്ടിൽ ഓരുവെള്ളം കയറുകയും വെള്ളം കയറിയ 150 ഏക്കറോളം പുറംനിലത്തിലെ നെല്ലിനു വളർച്ചനിന്നു വിളവിനു ഭാഗമായ നഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

(ബി) ചീപ്പിനേറയും, സ്പിൽവേയുടെയും ഷട്ടറുകൾക്കുള്ള കേടുമൂലം കരിനിലത്തിൽ വെള്ളം കയറിയിട്ടില്ല. നിലവിലുള്ള ലോക്കിന്റെ പഴക്കം മൂലം ചെറിയതോതിൽ നിലത്തിൽ വെള്ളംകയറുന്നതിനു സാദ്ധ്യതയുണ്ട്. എന്നാൽ ലോക്കിന്റെ കേടുപാടുകൾ തീർത്തു നിലത്തിൽ മലവെള്ളംകയറാത്തവിധത്തിൽ തൃപ്തികരമായി പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) ഈ കാര്യത്തിൽ ഉദ്യോഗസ്ഥന്മാരുടെ കൃത്യവിലോപം ഉണ്ടായിട്ടില്ല.

മെഡിക്കൽ കോളേജ്.

* 133. [23] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) 4–ാം പഞ്ചവത്സരപദ്ധതിയിൽ ഈ സംസ്ഥാനത്തു് പുതുതായി മെഡിക്കൽ കോളേജ് അനുവദിക്കണമെന്നു് കേന്ദ്രഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ടി പദ്ധതിക്കാലത്തു് ഈ സംസ്ഥാനത്തു് പുതുതായി മെഡിക്കൽ കോളേജ് അനുവദിക്കുന്നതിനു് സാദ്ധ്യതയുണ്ടോ ?

ഐരാജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗോവിന്ദൻ നായർ) :

(എ, ബി) ഈ കാര്യം പരിഗണനയിലിരിക്കുകയാണു്.

ലാൻഡ് മോർട്ട്ഗേജ് ബാങ്കുകളിൽനിന്നുള്ള വായ്പ.

* 134. [24] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിയും ക്ഷീരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാൻഡ് മോർട്ട്ഗേജ് ബാങ്കുകളിൽനിന്നു കൊടുക്കുന്ന വായ്പകളും ഇപ്പോൾ കൃഷിക്കാരുടെ കടം വീട്ടുന്നതിലേക്ക് കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly